കോ–ഓർഡിനേഷൻ കമ്മിറ്റി
കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &
കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ
(Affiliated to AIRRBEA & BEFI)
സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ 25/2023

24.10.2023

# ബാങ്ക് ഓഫ് ബറോഡയിൽ നിന്നും KGB യിലേക്കുള്ള അകലം

ബാങ്ക് ഓഫ് ബറോഡ വാർത്തകളിൽ നിറഞ്ഞു നിൽക്കുകയാണ്. വാർത്തകളാകെ മോശം വാർത്തകളാണ്. ബാങ്ക് ഓഫ് ബറോഡയുടെ മൊബൈൽ ആപ്പ് ആയ BoB World ചോർത്തിയതുമായി ബന്ധപ്പെട്ട കൊടിയ അധാർമികത, ഈ അധാർമികതയുടെ സൗകര്യം ഉപയോഗിച്ച് ബാങ്കിന്റെ ബിസിനസ്സ് കറസ്പോണ്ടന്റുമാർ നടത്തിയ സാമ്പത്തിക തട്ടിപ്പ്, ഈ തട്ടിപ്പിനെ തുടർന്ന് BoB World ൽ ഇനി പുതിയ ആളുകളെ ചേർക്കരുത് എന്ന റിസർവ്വ് ബാങ്കിന്റെ ഉത്തരവ്, ബാങ്ക് ഓഫ് ബറോഡ നടത്തിയ അന്വേഷണത്തെ തുടർന്ന് പതിനൊന്ന് അസിസ്റ്റന്റ് ജനറൽ മാനേജർമാർ ഉൾപ്പെടെ അറുപതോളം ജീവനക്കാരെ സസ്പെന്റ് ചെയ്തത് ഇതെല്ലാമാണ് വാർത്താ മാധ്യമങ്ങളിൽ നിറഞ്ഞു നിൽക്കുന്നത്.

**എന്താണ് ബാങ്ക് ഓഫ് ബറോഡയിൽ സംഭവിച്ചത്?**

2021 ൽ ബാങ്ക് ഓഫ് ബറോഡ അവരുടെ പുതിയ മൊബൈൽ ആപ്പ് ആയ BoB World പുറത്തിറക്കുന്നു. മുഴുവൻ ഇടപാടുകാരേയും ഈ ആപ്പിന്റെ ഭാഗമാക്കി ഡിജിറ്റലാക്കാനുള്ള വലിയ ക്യാമ്പയിൻ വരുന്നു. മനുഷ്യ സാധ്യമല്ലാത്ത ഡെയ്‌ലി ടാർഗറ്റുകൾ ശാഖകൾക്ക് നൽകുന്നു. ദൈനം ദിന ടാർഗററുകൾ എത്താത്തവരെ കേട്ടാലറയ്ക്കുന്ന ഭർസനങ്ങൾ നടത്തി പീഢിപ്പിച്ചു. ഇതിൽ നിന്ന് മോചനം ലഭിക്കുന്നതിനുള്ള കുറുക്കുവഴികളും മുകളിൽ നിന്ന് തന്നെ വാക്കാൽ നിർദ്ദേശിക്കപ്പെട്ടു.

അങ്ങനെയാണ് ബാങ്കിംഗിന്റെ എല്ലാ നൈതികതയും കാറ്റിൽ പറത്തിക്കൊണ്ട് എളുപ്പവഴിയിൽ ക്രിയ ചെയ്യാൻ ബാങ്ക് ഓഫ് ബറോഡയിലെ ചില ജീവനക്കാർ തയ്യാറാവുന്നത്. മൊബൈൽ നമ്പർ ഇല്ലാത്ത അക്കൗണ്ടുകളുടെ details അവർക്ക് മുകളിൽ നിന്നും അയച്ചു കൊടുത്തിരുന്നു. ഈ അക്കൗണ്ടുകളിൽ ബാങ്ക് ജീവനക്കാരുടേയോ താൽക്കാലിക ജീവനക്കാരുടേയോ അവരുടെ ബന്ധുക്കളുടേയോ മൊബൈൽ നമ്പർ ഫീഡ് ചെയ്യുകയും അത് വച്ച് BoB World ഇൻസ്റ്റാൾ ചെയ്യുകയും ചെയ്തു. ഈ പണി കൂടുതൽ വേഗത്തിലാക്കുന്നതിന് പിന്നീട് ബിസിനസ്സ് കറസ്പോണ്ടന്റുമാരെ ഏൽപ്പിച്ചു. BoB World ന്റെ എൻറോൾമെന്റ് മാനം മുട്ടെ ഉയർന്നു. ബാങ്ക് ഓഫ് ബറോഡയ്ക്ക് ഡിജിറ്റൽ ബാങ്കിംഗിന്റെ അവാർഡുകൾ ഒന്നൊന്നായി ലഭിച്ചു.

**ആപ്പ് ആപ്പിലാക്കിയ കഥ:**

ജീവനക്കാരുടെ മൊബൈലിലൂടെ ചേർത്തിയ ആപ്പുകൾ കുറച്ചു ദിവസങ്ങൾക്ക് ശേഷം de register ചെയ്യപ്പെട്ടു. എന്നാൽ വിരുതന്മാരായ ബിസിനസ്സ് കറസ്പോണ്ടന്റുമാർ അവ ഉപയോഗിച്ച് പലരുടെ അക്കൗണ്ടുകളിൽ നിന്നും പണം പിൻവലിച്ചു. പ്രാഥമിക നിഗമനം അനുസരിച്ച് 22 ലക്ഷം രൂപയുടെ തട്ടിപ്പ് നടന്നതായാണ് വിവരം. സാധാരണ നിലയിൽ ബാങ്കിൽ അക്കൗണ്ട് തുടങ്ങുന്നതിന് ഒരു അപേക്ഷാ ഫോറം പൂരിപ്പിച്ച് കസ്റ്റമർ ഒപ്പിട്ട് നൽകേണ്ടതുണ്ട്. ഇവിടെ അങ്ങനെയൊന്നും സംഭവിച്ചില്ല. ഒരു മൊബൈൽ നമ്പറിൽ നിന്നും ശരാശരി 43 അക്കൗണ്ടുകളിലെ Linking നടന്നിട്ടുണ്ട് എന്നാണ് ഈ തട്ടിപ്പ് പുറത്തുവിട്ട അൽജസീറ റിപ്പോർട്ട് ചെയ്യുന്നത്. ഒരു മൊബൈലിൽ നിന്നും ഒരു അക്കൗണ്ട് മാത്രമേ ലിങ്ക് ചെയ്യാൻ കഴിയൂ എന്നിരിക്കെ ഉന്നത തലങ്ങളിൽ അറിഞ്ഞു കൊണ്ട് നടത്തിയ ഒരു തട്ടിപ്പായി ഇതിനെ കാണണം.

ബാങ്ക് ഓഫ് ബറോഡയുടെ ഓഡിറ്റർമാർ ആപ്പ് തട്ടിപ്പ് അന്വേഷിക്കുന്നുണ്ട്. ഓഡിറ്റർമാർ എത്തുന്നതിന് മുമ്പ് പരമാവധി പേപ്പറുകൾ ശരിയാക്കി വെക്കാനും തട്ടിപ്പിന്റെ വ്യാപ്തി പരമാവധി കുറച്ചു കാണിക്കാനും മുകളിൽ നിന്നും ശാഖകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. യഥാർത്ഥത്തിൽ ഈ അന്വേഷണം ബാങ്കിന് പുറത്തുള്ള ഏജൻസികളെ കൊണ്ട് നടത്തുകയും കുറ്റക്കാരായ മുഴുവൻ പേരേയും നിയമത്തിന്റെ മുന്നിൽ കൊണ്ട് വന്ന് ശിക്ഷിക്കുകയും വേണം.

**ബാങ്ക് ഓഫ് ബറോഡയുടെ പതിപ്പ് KGB യിൽ കൊണ്ടുവരണമോ?**

ബാങ്കിംഗ് എന്നത് പൂർണമായും വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന വ്യവസായമാണ്. നവ ലിബറൽ നയങ്ങൾ ഈ അടിസ്ഥാന തത്വത്തെയാണ് തകർത്തു കളഞ്ഞത്. അതുകൊണ്ടാണ് ഇല്ലാത്ത കാര്യങ്ങൾ പെരുപ്പിച്ചു കാണിക്കാനുള്ള വ്യഗ്രത പെരുകി വരുന്നത്. മുകളിലിരിക്കുന്ന ഒന്നോ രണ്ടോ ആളുകളുടെ താൽപര്യത്തിന് വേണ്ടി ഒരു വ്യവസായത്തേയും അതിന്റെ ധാർമികതയിൽ വിശ്വസിച്ച ഇടപാടുകാരേയുമാണ് വഞ്ചിക്കുന്നത്. തട്ടിപ്പിന്റെ പുതിയ രൂപങ്ങൾ നമ്മുടെ ബാങ്കിലും തല പൊക്കാൻ തുടങ്ങുന്നു എന്നത് സംഘടനാ, കാഡർ ഭേദമന്യെ മുഴുവൻ ജീവനക്കാരും ജാഗ്രതയോടെ കാണേണ്ടതുണ്ട്. മെഗാ ലോഗിൻ ഡേയിൽ വലിയ ഫിഗറുകൾ കാണിക്കുന്നതിന് വേണ്ടി ഇടപാടുകാരിൽ നിന്നും അപേക്ഷാ ഫോറം വാങ്ങാതെ തന്നെ സോഷ്യൽ സെക്യൂരിറ്റി സ്കീമുകളിൽ ആളുകളെ ചേർത്താൻ നിർബ്ബന്ധിച്ച മേലാളൻമാർ നമുക്കിടയിലുണ്ട്.

"Branches are advised to identify customers desirous of investing in our third party products and introduce them to these officials" നമ്മുടെ ബാങ്കിന്റെ റീജിയണൽ ഓഫീസുകളിൽ നിന്നും അടുത്തിടെ വന്ന മെസേജിലെ ഭാഗമാണ് മുകളിൽ ഉദ്ധരിച്ചത്. നമ്മുടെ ഇടപാടുകാരുടെ വിവരം പുറത്തൊരേജൻസിക്ക് നൽകാനും അവരെ മറ്റൊരു സ്ഥാപനത്തിന് പരിചയപ്പെടുത്തി കൊടുക്കാനും പറയുന്നത് ബാങ്കിംഗ് നിയമങ്ങളുടേയും നമ്മുടെ സർവ്വീസ് റെഗുലേഷന്റേയും ലംഘനമാണ്. ഏറ്റവും വലിയ ബാങ്കിംഗ് ഡെൻസിറ്റിയുള്ള കേരളത്തിൽ പ്രവർത്തിക്കുന്ന നമ്മുടെ ബാങ്ക്, ബിസിനസ്സ് കറസ്പോണ്ടന്റുമാരെ നിയമിക്കാൻ കാണിക്കുന്ന വ്യഗ്രതയും പ്രതിരോധിക്കപ്പെടേണ്ടതുണ്ട്. ബാങ്ക് ഓഫ് ബറോഡ കേരള ഗ്രാമീണ ബാങ്കിൽ സംഭവിക്കാതിരിക്കാനുള്ള ഏക ഗ്യാരണ്ടി നമ്മുടെ ബാങ്കിലെ ജീവനക്കാരുടെ നിതാന്ത ജാഗ്രതയാണ്. അത് ഉറപ്പ് വരുത്താൻ ഓർമിപ്പിച്ചു കൊണ്ട്.

> 1990 ന്റെ പൂർവാർദ്ധം. നവ ലിബറൽ നയങ്ങൾ വരുന്നു. ഹർഷദ് മേത്ത ഓഹരി കമ്പോളത്തിൽ അത്ഭുതങ്ങൾ കാണിക്കുന്നു. വായ്പ കൊടുക്കുന്നതിലും ലാഭം ഓഹരി കമ്പോളത്തിൽ നിക്ഷേപിക്കുകയാണ് എന്ന സിദ്ധാന്തം സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് എടുക്കുന്നു. ഒമ്പത് കോടി രൂപ (അന്നത്തെ) കനറാ ബാങ്കിന് താൽപര്യമുള്ള കാൻ ഫിനയിൽ നിക്ഷേപിക്കുന്നു. സംഘടന വലിയ പ്രതിഷേധം സംഘടിപ്പിച്ചതിനൊടുവിൽ നിക്ഷേപം പിൻവലിക്കുന്നു. കുറച്ചു നാളുകൾക്കകം തന്നെ കാൻ ഫിന പൊളിയുന്നു. ഒമ്പത് കോടി രൂപ രക്ഷിച്ചെടുക്കുന്നു. അന്നത്തെ 9 കോടി രൂപ yield on advances വെച്ചു കൊണ്ട് കഴിഞ്ഞ മുപ്പത് വർഷങ്ങൾക്കുള്ളിൽ എത്ര കോടിയായി വർദ്ധിച്ച് നമ്മുടെ റിസർവിനെ കരുത്തുറ്റതാക്കുന്നു!

**അഭിവാദനങ്ങളോടെ**

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 9895710203

**രാജേഷ് പി.**
ജനറൽ സെക്രട്ടറി
KGBOU, 9847407673

karline29.deviantart